SHRI A. CHIDAMBARANATHA NADAR: Yes.

MR. SPEAKER: I shall arrange for it. Copies will be available today.

ശ്രീ. മഞ്ഞനാമറ്റം: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. രാജപ്രമുഖന്റെ നയപ്രഖ്യാപന പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചയാണ് ഇന്നു വച്ചിരിക്കുന്നതു്. ആ പ്രസംഗത്തിന്റെ മലയാളത്തിലും ഇംഗ്ലീഷിലും കോപ്പികൾ അച്ചടിച്ചു ഞങ്ങൾക്കു തന്നിട്ടുണ്ടു്. അതിൽ ഇംഗ്ലീഷ് പ്രതിന്റെ 13-ാമത്തെ പേജിൽ ഉള്ള 'ലാൻഡ് ഡിസ്ട്രിബ്യൂഷൻ' എന്ന ഭാഗം മലയാളത്തിൽ കാണുന്നില്ല. അതുകൊണ്ടു് ഇതിൽ ഏതു പ്രസംഗത്തെ ആസ്പദമാക്കിയാണ് ചർച്ച നടത്തേണ്ടതെന്നു അറിഞ്ഞാൽ കൊള്ളാം.

MR. SPEAKER: The English speech is the original speech and the other is translation.

ஸ்ரீ. எ. சிதம்பரநாதநாடார்: இங்கிலீஷ் தெரியாத மெம்பர்மார் எப்படி படிப்பது; ஒருவருக்கு இங்கிலீஷ் தெரியவில்லை என்று வைத்துக்கொள்வோம். அப்படியானால் இதை எப்படி படிக்க முடியும்?

மி. ஸ்பீக்கர்: അസംബ്ലി നടപടികളെല്ലാം മലയാളത്തിലും ഇംഗ്ലീഷിലും തമിഴിലും ആകുമെന്നു് ചട്ടം പാസ്സാക്കിയിട്ടുണ്ടു്. ഏതെങ്കിലും ഒരു ഭാഷയിൽ മെമ്പറന്മാരോ, മന്ത്രിമാരോ എന്തെങ്കിലും ബിസിനസ്സുകൊണ്ടു വന്നാൽ അതു മറ്റുള്ളവരെല്ലാം അറിഞ്ഞുകൊള്ളണമെന്നാണു് വച്ചിട്ടുള്ളതു്.

SHRI T. T. DANIEL: May I know whether there are any specific reasons why H. H. the Rajpramukh's address was not translated in Tamil also?

MR. SPEAKER: It has been translated in Tamil and it is now in the Press. Copies will be distributed today. There is a little delay, I agree.

ஸ்ரீ. எ. சிதம்பரநாதநாடார்: இந்த டிஸ்கஷன் முடிந்த பிறகாவது தமிழில் உள்ள பப்ளிக்கேஷன் கிடைக்குமா?

MR. SPEAKER: You will get it soon.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE

MR. SPEAKER: Order, order. Shri Sankaranarayanan Tampi has given noitce of a motion under rule 66 to call the attention of the Chief Minister to the Satyagraha launched by the Museum employees.

SHRI R. SANKARANARAYANAN TAMPI; The hon. Member Shri Sridharan also has given notice of a similar motion. He will speak.

ശ്രീ. വി. ശ്രീധരൻ: സർ, തിരുവനന്തപുരം മ്യൂസിയത്തിലെ 150-ൽ പരം കണ്ടിൻജന്റ്സി ജീവനക്കാർ കഴിഞ്ഞ ഒരു വർഷക്കാലമായി അവരുടെ ന്യായവും, മിതവുമായ ആവശ്യങ്ങൾ സർക്കാരിനെക്കൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുന്നതിനുവേണ്ടി നടത്തിയ എല്ലാ ശ്രമങ്ങളും ഗവണ്മെന്റിന്റെ പിടിവാശിമൂലം പരാജയപ്പെട്ടിരിക്കുകയാണു്. തൻമൂലം ഇക്കഴിഞ്ഞ 72 ദിവസങ്ങളായി ഈ സെക്രട്ടറിയേറ്റിന്റെ മുമ്പിൽ അവർ തുടർന്നുവരുന്ന സത്യഗ്രഹസമരം ഇന്നലെ മുതൽ കൂട്ടസത്യഗ്രഹം നടത്തത്തക്ക ഒരു അവസ്ഥയിലെത്തിച്ചേർന്നിരിക്കുകയാണു്. കണ്ടിൻജൻസി ജീവനക്കാരെയെല്ലാം ഏതെങ്കിലും ജീവനക്കാരായിട്ടാണു് ഡിപ്പാർട്ടുമെന്റിലേയ്ക്കു് എടുത്തിട്ടുള്ളതു്. മ്യൂസിയം തൊഴിലാളികളായ ഈ കണ്ടിൻജൻസിജീവനക്കാരിൽ 36 സ്ത്രീ തൊഴിലാളികളിൽ തുച്ഛശമ്പളക്കാരായിട്ടുണ്ടു്. 1953 മുതൽ അവർക്കു് കിട്ടിക്കൊണ്ടിരുന്ന 42 രൂപ ശമ്പളം ഏറെ 20 രൂപയാക്കി കുറച്ചിരിക്കുകയാണു്. അവരെ ഏതെങ്കിലും ജീവനക്കാരെന്ന നിലയിൽനിന്നും, പാർട്ടടൈം ജീവനക്കാരായി തരം താഴ്ത്തിയെങ്കിലും, ജോലിയെ സംബന്ധിച്ചിടത്തോളം യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അവർ ഏതെങ്കിലും ജീവനക്കാരായിരുന്നപ്പോൾ എന്നപോലെ ജോലിചെയ്യാൻ നിർബന്ധിതരാകയാൽ അവരുടെ ശമ്പളം പഴയപടി 42 രൂപയായി വർദ്ധിപ്പിക്കേണ്ടതും, ഏതെങ്കിലും ജീവനക്കാർക്കു് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവർക്കും ലഭിക്കേണ്ടതും, അവരുടെ പരിമിതമായ ആവശ്യങ്ങളിൽ ഉൾപ്പെട്ടതാണു്.

ഇവർ ഏതെങ്കിലും ജീവനക്കാരായിരുന്നപ്പോൾ ഇവരുടെ ഡ്യൂട്ടിസമയം കാലത്തു് 7 മണിമുതൽ 11 മണിവരെയും 2 മണിമുതൽ 5.30 വരെയുമായിരുന്നു. ഇത്രയും സമയം കൊണ്ടു് അവർക്കു് 105 ഏക്കർ വരുന്ന മ്യൂസിയം കമ്പൗണ്ടും അതിനകത്തെ കെട്ടിടങ്ങളും തൂത്തുവൃത്തിയാക്കുക എന്നുള്ളതായിരുന്നു അവരുടെ ജോലിയെങ്കിൽ പാർട്ടടൈം ജീവനക്കാരായി ഇവരെ തരം താഴ്ത്തിയപ്പോൾ കാലത്തു് 7 മണിമുതൽ 11 മണിവരെയുള്ള സമയംകൊണ്ടു് ഇത്രയും പേർ മ്യൂസിയത്തിനോടു് ഇപ്പോൾ കൂട്ടിച്ചേർത്തിരിക്കുന്ന 15 ഏക്കർ സ്ഥലം ഉൾപ്പെടെ 120 ഏക്കർ സ്ഥലവും അതിനകത്തുള്ള എല്ലാ കെട്ടിടങ്ങളും തൂത്തുവൃത്തിയാക്കുകയും വേണം. മറ്റൊരു കാര്യം, കണ്ടിൻജൻസിജീവനക്കാർ എന്നുപറഞ്ഞാൽ, അവർ ഗവണ്മെന്റു ജീവനക്കാരാണു്. ഗവണ്മെന്റു ജീവനക്കാർക്കുള്ള അവകാശങ്ങൾ ലഭിക്കുന്നതിനും, ഗവണ്മെന്റു ജീവനക്കാരോടു് ഗവണ്മെന്റു് പെരുമാറുന്നതുപോലെ ഇവരോടും പെരുമാറുമെന്നും മറ്റും മന്ത്രി പറയുമെങ്കിലും വാസ്തവത്തിൽ ഗവണ്മെന്റു ജീവനക്കാരോടു് പെരുമാറുന്നതുപോലെ അവരോടു പെരുമാറുന്നില്ല എന്നതാണു് നേരു്. പെൻഷൻ, ഇൻക്രിമെന്റു്, പ്രമോഷൻ തുടങ്ങിയ യാതൊരു സൗജന്യങ്ങളും അവർക്കു് ലഭിക്കുന്നില്ല. അതേ അവസരംതന്നെ അനേകവർഷക്കാലത്തെ സമരത്തിന്റെ ഫലമായി ഇന്നാട്ടിലെ സംഘടിത തൊഴിലാളിവർഗ്ഗം നേടിയെടുത്തിട്ടുള്ളതും ഇന്നു് നമ്മുടെ നാട്ടിൽ നിലവിലുള്ളതുമായ തൊഴിൽനിയമങ്ങളും ഇവർക്കു് ബാധകമായിട്ടും ഇല്ല. അതുകൊണ്ടു് ഇവരെ സ്ഥിരം സർവീസിലേയ്ക്കു് എടുക്കുന്നതുവരെ ഇവിടത്തെ തൊഴിൽനിയമങ്ങളും ഇവർക്കു് ബാധകമാക്കേണ്ടതാണു്. റിസ്കു് അലവൻസു്, ഗ്രാറ്റുവിറ്റി മുതലായവ ലഭിക്കണമെന്നതും, സർ, ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ലാത്ത ഏറ്റവും പരിമിതമായ ആവശ്യങ്ങളും വച്ചുകൊണ്ടു് അവർ ഗവണ്മെന്റിനോടു് ന്യായമായ അവകാശവാദങ്ങളും ഉന്നയിക്കുവാൻ തുടങ്ങിയിട്ടു് ഏതാണ്ടു് നാളുകളായി. യാതൊരു ഫലവും ഉണ്ടാകുന്നില്ലെന്നു് കണ്ടിട്ടാണു് അവർ സത്യഗ്രഹപരിപാടി സ്വീകരിച്ചിട്ടുള്ളതു്. എന്നിട്ടു് അവരുടെ ആവശ്യങ്ങളും സാധിക്കുന്നതിനു് അധികൃതർ വേണ്ട നടപടികളും സ്വീകരിച്ചിട്ടില്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല, അവരുടെ സംരംഭങ്ങൾ അടിച്ചമർത്തുന്നതിനുള്ള ശ്രമങ്ങൾചെയ്യുകയുമാണ്. ഇതിനകം 16 സ്ത്രീതൊഴിലാളികൾ ഉൾപ്പെടെ 27പേരെ ഡിസ്മിസ്സും മറ്റാരേഴപേരെ സസ്പെൻഡും ചെയ്തിട്ടുണ്ട്. ഈ നിലമാറ്റി ഗവണ്മെൻറും മുഖ്യമന്ത്രിയും അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഇന്നലെ കൂട്ടസത്യഗ്രഹം ആരംഭിച്ചപ്പോൾ, സെക്രട്ടറിയേറ്റ് പടിക്കൽ വന്നിരുന്ന സ്ത്രീതൊഴിലാളികളുടെ നേരെപോലും വളരെ ഹീനമായ രീതിയിലായിരുന്നു പോലീസുകാർ പെരുമാറിയത്. പുത്തൻചന്ത പോലീസ് ഇൻസ്പെക്ടർ മി. ലോപ്പസ് മൂന്ന് നാല് പ്രാവശ്യം അവരെ പുറകോട്ട് തള്ളിമാറ്റുകയും, അപമര്യാദയായി അവരോട് പെരുമാറുകയും ചെയ്തിട്ടുണ്ട്. എന്നെയും രണ്ട് മൂന്ന് പ്രാവശ്യം ഈ ഇൻസ്പെക്ടർ പുറകോട്ട് മനഃപൂർവ്വം തള്ളിമാറ്റുകയുണ്ടായി. ഏറ്റവും മിതമായ അവരുടെ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിനും, ഡിസ്മിസ്സും, സസ്പെൻഡും ചെയ്തിട്ടുള്ളവരെ തിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ നടത്തണമെന്നും ഗവണ്മെൻറിനോടും, വിശിഷ്യ മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നതിനായിട്ടാണ് ഞാൻ 66 അനുസരിച്ച്. ഞാൻ നോട്ടീസ് നൽകിയിട്ടുള്ളത്.

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : സർ, മൃസിയം തൊഴിലാളി സമരത്തെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെയേറെ തെറ്റിദ്ധാരണ ഈ സഭയിലുള്ള അംഗങ്ങൾക്കും, നാട്ടുകാർക്കും ഉണ്ടാക്കുന്നതാണെന്ന് എനിക്കു തോന്നുന്നു. അങ്ങനെ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതിൻറെ ഏറ്റവും പ്രധാനമായ ഒരു കാരണം, തിരുവനന്തപുരം നഗരത്തിലെ ചുവരുകൾ ഒട്ടുമുക്കാലും ഭാഗം, മൃസിയം സമരം സംബന്ധിച്ചുള്ള എഴുത്തുകളും, ശബളമായ വർണ്ണവൈവിദ്ധ്യത്തോടുകൂടിയ ചിത്രങ്ങളും പതിച്ചിട്ടുള്ളതാണ്. മൂന്നു നാലു മാസമായിട്ട്, മൃസിയം കാണാനായിട്ടുവരുന്ന ആളുകൾക്ക്, തിരുവനന്തപുരം പട്ടണത്തിൽ മൃസിയം സമരം സംബന്ധിച്ച് നേതൃത്വം നൽകുന്നവർ പരസ്യംചെയ്തിട്ടുള്ള ചില വിശേഷപ്പെട്ട ചിത്രങ്ങളും കാണാൻ കഴിയുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതൊന്ന്, ഒരു സ്ത്രീയെ ആരോ കുത്തിക്കൊല്ലുന്നതായി കാണിക്കുന്ന ഒരു പടമാണ്. ഞാൻ, ക്ലിഫ് ഹൗസിൽനിന്നും സെക്രട്ടറിയേറ്റിലേയ്ക്ക് വരുന്ന അവസരത്തിൽ ഇങ്ങനെയുള്ള ചിത്രങ്ങൾ കാണുന്നുണ്ട്. തിരുവനന്തപുരത്തു്, രവിവർമ്മയുടെ ചിത്രങ്ങൾ കാണാൻ അനേകം വിദേശികൾ വരുന്നമാതിരി, മൃസിയം സമരം സംബന്ധിച്ചുണ്ടായ ചില ചിത്രകാരന്മാരുടെ ഇത്തരം ചിത്രങ്ങളും എല്ലാവരും കണ്ടുകൊള്ളട്ടെ എന്നു കരുതി, ആ ചിത്രങ്ങൾ റോഡിൽനിന്നും മാറരുതെന്ന് പോലീസുകാർക്ക് പ്രത്യേകം നിഷ്കർഷ നൽകിയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ജോലിക്കാരുടെ ഇടയിലുള്ളവരാണോ, പുറമെനിന്നുകൊണ്ട് നേതൃത്വം കൊടുക്കുന്നവരാണോ ഇതു് ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ജോലിക്കാരല്ല, പുറമെയുള്ളവരാണ്. ഈ കാര്യത്തിൽ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശ്രീധരനും, അദ്ദേഹത്തിൻറെ അനുയായികൾക്കും സാരമായ പങ്കുണ്ട്. സർ, ആ ചിത്രങ്ങൾ കിട്ടുമെങ്കിൽ നമ്മുടെ മൃസിയത്തിൽ വയ്ക്കാൻ തന്നാൽകൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാമെന്നു് എനിയ്ക്കുപേക്ഷയുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് എന്താണു് സംഗതി എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

രണ്ടു ദിവസംമുൻപു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. പട്ടം താണുപിള്ള തന്നെ, ഈ കാര്യത്തിൽ ഗവണ്മെൻറു് ഏതോ അതിക്രമം കാണിച്ചുതായി ധരിച്ചു സംസാരിച്ചു. 1953 മാർച്ചു മാസത്തിൽ, അതായതു് മൂന്നുകൊല്ലംമുൻപു് ഈ രാജ്യത്തെ കണ്ടിൻജൻസി ജീവനക്കാരുടെ കാര്യത്തിൽ ഒരു നാഷണലൈസേഷൻ വരുത്തുകയുണ്ടായി. കണ്ടിൻജൻസി ജീവനക്കാക്കു് എന്തു് ശമ്പളം കൊടുക്കണമെന്നും തീരുമാനിച്ചു. തുപ്പുകാരായ ആളുകൾക്കു് പതിനാലര രൂപയാണു് ശമ്പളം കൊടുക്കുന്നതു്. ആ ശമ്പളം മതിയോ, പോരയൊ എന്നുള്ള പ്രശ്നം നിൽക്കട്ടെ. മൃസിയം തുപ്പുകാക്കു് ഇരുപതു രൂപവീതം ഡയറക്ടരുടെ രൂപാർശ അനുസരിച്ചു് ശമ്പളം കൊടുക്കുന്നുണ്ടു്. അങ്ങനെ മുപ്പത്താറു് പേർ ഇരുപതു് രൂപ ശമ്പളത്തിൽ മൃസിയം തുപ്പുകാരായുണ്ടു്. ബാക്കി അനേകം ആഫീസുകളിലായി അനേകായിരം ആളുകൾ പാർട്ടൈം ജീവനക്കാരായിട്ടുണ്ടു്. മൃസിയത്തിലുള്ള മുപ്പത്താറു് തുപ്പുകാരുടെ ജോലി സമയം കാലത്തു് ഏഴു മണിമുതൽ പത്തര മണിവരെയാണു്. അതായതു് ദിവസം മൂന്നര മണിക്കൂർ നേരം ജോലിചെയ്താൽ മതി. അങ്ങനെ മൂന്നര മണിക്കൂർ ജോലിചെയ്യുന്ന തുപ്പുകാക്കു് ഇരുപതു് രൂപ ശമ്പളം കൊടുക്കുന്നു. ഇരുപതു രൂപ പോര, ശിപായിമാക്കും മറ്റു കീഴ്ജീവനക്കാക്കും കിട്ടുന്ന ശമ്പളം കിട്ടണമെന്നാണു് യൂണിയന്റെ നിവേദനം. അതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. മൃസിയത്തിലെ മുപ്പത്താറുപേരെ മാത്രം ബാധിക്കുന്ന ഒരുകാര്യമല്ലിതു്. എല്ലാആഫീസുകളിലുമുള്ള കണ്ടിൻജൻസി ജീവനക്കാരേയും ബാധിക്കുന്ന ഒരു കാര്യമാണിതു് എന്ന നിലയിൽ അതേപ്പറ്റി അക്കുറച്ചെയ്യാൻ തുടങ്ങി. അക്കുറച്ചെയ്യാൻ തുടങ്ങിയ അവസരത്തിൽ, ഈ കാര്യത്തിൽ ഒരു നിലപാടെടുക്കുന്നതിനു് ഡിപ്പാർട്ടുമെൻറിനും, ഫിനാൻസു് ഡിപ്പാർട്ടുമെൻറിനും സഹായകമായ വിധത്തിൽ, 1955 ജൂലൈ 15-ാംനു ഞാൻ ഇട്ട ഒരു നോട്ടു് ഞാൻ ഇവിടെ വായിക്കാം.

"The pay of all and sundry has been enhanced. The sweepers, the least among them, have reason to be aggrieved. Please re-examine."

അതായതു് അനേകം ആളുകൾക്കു ശമ്പളം കൂട്ടികൊടുക്കുന്നുണ്ടു്. ആ കൂട്ടത്തിൽ ചുരുങ്ങിയ ശമ്പളക്കാരായ ജീവനക്കാർക്കും ശമ്പളം കൂട്ടണമെന്നുള്ളനിലയിൽ, ആ ഫയൽ പ്രവർത്തിച്ചുവരികയായിരുന്നു. ഈ വിവരങ്ങളെല്ലാം ആ സന്ദർഭത്തിൽ എന്നെ കാണാൻവന്ന ആളുകളോടു പറഞ്ഞിട്ടുണ്ടു്. ആ ഫയലിന്മേൽ ഒരു തീരുമാനം എടുക്കാറായ സന്ദർഭത്തിൽ, ഈ സമരത്തിനു നേതൃത്വംകൊടുക്കുന്ന ആളുകൾക്കു ഒരു പരിഭ്രമം ഉണ്ടായതായിട്ടാണു ഞാൻ മനസ്സിലാക്കിയതു്. അതിന്റെഫലമായി ഡിസംബർ 20-ാംനു മുൻപു മൃസിയം തൊഴിലാളികളുടെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടായില്ലെങ്കിൽ, സെക്രട്ടറിയേറ്റു പടിക്കൽ നിരാഹാരസത്യാഗ്രഹം നടത്തുന്നതാണെന്നു ഇവർ രാജ്യത്തുമുഴുവനും പ്രഖ്യാപിച്ചു. ആ അവസരത്തിൽ ഇങ്ങനെയൊരു ഓർഡർ ഇട്ടു.

LIBRARY ARCHIVES Kerala Legislative Assembly

"I understand from wall-posters that "Satyagraha" is contemplated at the gate of the Secretariat. The case may be taken up after the process of satyagraha is over."

ഇതായിരുന്നു അതിന്മേലുള്ള ആർഡർ. അതിനു ശേഷം, ഈ മുപ്പത്താറു സ്ത്രീതൊഴിലാളികൾക്കു ശമ്പളക്കുടിശ്ശിക കിട്ടണമെന്നുള്ള കാര്യത്തെപ്പറ്റി ഒരു നിവേദനംനടത്താൻ ചിലർ എന്റെ അടുത്തു വരികയുണ്ടായി. അവർ വന്നതു ഒരു കലാപരമായ രീതിയിലായിരുന്നു. ഒരു ദിവസം രാത്രി ഞാൻ വസതിയിൽ ചെന്നപ്പോൾ പുറത്തുനിന്നാളുകൾ കൂടി ബഹളംകൂട്ടിക്കൊണ്ടു്, നിസ്സാരമായ ഒരു കാര്യമായിരുന്നിട്ടും, "മ്യൂസിയം തൊഴിലാളികൾ മുഖ്യമന്ത്രിയുടെ പടിക്കലേക്കു" എന്നുള്ള വിളികളോടുകൂടി അവർ ഒപ്പിട്ടുകൊണ്ടുവന്ന ഒരു കടലാസു എനിക്കുതന്നു. അതു ഞാൻ വാങ്ങിച്ചു. സർക്കാരിൽനിന്നും ശമ്പളം വാങ്ങുന്നവർ സെക്രട്ടറിയേറ്റുപടിക്കൽ പ്രകടനംനടത്താൻ പാടില്ലെന്നുള്ള ഗവണ്മെൻറുനയത്തിൽനിന്നും മ്യൂസിയം തൊഴിലാളികൾക്കു ഒഴിഞ്ഞുമാറത്തക്ക പ്രത്യേകതയൊന്നുമില്ല. സെക്രട്ടറിയേറ്റുപടിക്കൽ പ്രകടനം നടത്തുന്നതിനു് നോട്ടീസു തന്നിട്ടുള്ളവർക്കു അങ്ങനെ സത്യഗ്രഹം നടത്തണമെങ്കിൽ ഒരു 'കൃ' നിൽക്കേണ്ടിവരും. അതിൽ ആക്ഷേപ്രയാർട്ടികൊടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി ഒരു റഗുലേറ്റിംഗ് ആഫീസറെത്തന്നെ നിയമിക്കേണ്ടതായിവരും. ആക്ഷേപം മുൻകൂട്ടണന നൽകേണ്ടതെന്നും, പ്രത്യേകപരിഗണന ആക്ഷേപം നൽകേണ്ടതെന്നും തീരുമാനിക്കണം. ഒരു കാര്യം ഗവണ്മെൻറു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഗവണ്മെൻറു ജീവനക്കാർ, സെക്രട്ടറിയേറ്റുപടിക്കൽ സത്യഗ്രഹം നടത്തി കാര്യംനേടാമെന്നു ആരും കരുതേണ്ട. ഈ കാര്യത്തിൽ വളരെ വ്യക്തമായ ഒരു നില എടുക്കാൻ ഗവണ്മെൻറു ആഗ്രഹിക്കുന്നു. ഈ കാര്യത്തെപ്പറ്റി ഒരു പ്രസ്സ്നോട്ടു ഇഷ്യൂചെയ്യുകയും, അതു തൊഴിലാളികൾക്കു് വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ടു്. ആ പ്രസ്സ്നോട്ടു ഞാൻ ഇവിടെ വായിക്കാം.

"തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെയും മൃഗശാലയിലെയും ചില ജീവനക്കാർക്കുവേണ്ടി സെക്രട്ടറിയേറ്റു് പടിക്കലും, തിരുവനന്തപുരത്തു് മറ്റു ചില ഭാഗങ്ങളിലും കഴിഞ്ഞ കുറെ ദിവസങ്ങളായി പ്രകടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെയും മൃഗശാലയിലെയും താഴ്ന്ന ഗ്രേഡിലുള്ള ജോലിക്കാർക്കു് മിക്കവാറും സ്റ്റാൻഡേർഡ് നിരക്കിലാണു് ശമ്പളം നൽകിവരുന്നതു്. അവരുടെ കൂട്ടത്തിൽ പാർട്ടൈം ജോലിക്കാരായി ഏകദേശം 36 സ്ത്രീതൊഴിലാളികളുണ്ടു്. പൊതുവേ ഗവണ്മെൻറു്, ക്ലിപ്തമായ ഒരേ നിരക്കിലാണു് പാർട്ടൈം തൊഴിലാളികൾക്കു് ശമ്പളം നൽകിവരുന്നതു്. എന്നാൽ ബൊട്ടാനിക്കൽ ഗാർഡൻസിലെ പാർട്ടൈം തൊഴിലാളികൾക്കു് പ്രതിമാസം 20 രൂപ നൽകി, ചില പ്രത്യേക പരിഗണന കാണിച്ചിട്ടുണ്ടു്. അവർക്കു് ദിവസത്തിൽ മൂന്നു മണിക്കൂർ മാത്രമേ ജോലിയുള്ളൂ എന്നു് റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അവരുടെ ശമ്പളം, അലവൻസു് മുതലായവ സംബന്ധിച്ചുള്ള പ്രശ്നം പൊതുവേയുള്ള ഒന്നാണു്. അതു് അപ്രകാരംതന്നെ തീരുമാനിക്കപ്പെടുന്നതുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

"തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെയും മൃഗശാലയിലെയും ഗവണ്മെന്റ് ജീവനക്കാർ, പെർമനന്റ് ലിസ്റ്റിലുള്ളവരായാലും, കണ്ടിൻജന്റ് ലിസ്റ്റിലുള്ളവരായാലും, പാർട്ടൈം ജീവനക്കാരായാലും, നടത്തയിലും ശിക്ഷണത്തിലും നിശ്ചിതമാനദണ്ഡം പരിപാലിക്കേണ്ടതാണ്. ഗവണ്മെന്റിനോ, ഡിപ്പാർട്ടുമെന്റിനോ എതിരായി പ്രകടനങ്ങളിൽ ഇടപെടരുതെന്നും, അങ്ങനെ ചെയ്യുന്നത് ഗുരുതരമായ ശിക്ഷണരാഹിത്യമാണെന്നും 19-12-1955-ൽ സർക്കുലർ മുഖേന കാഴ്ചബംഗ്ലാവിന്റെയും മൃഗശാലയുടേയും ഡയറക്ടർ അവർക്കു മുന്നറിവ് നൽകിയിട്ടുണ്ട്. എന്നാൽ മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും, ചില ജീവനക്കാർ സെക്രട്ടറിയേറ്റ് പടിക്കൽ പ്രകടനങ്ങൾ നടത്തുകയും, മറ്റു പ്രകാരത്തിൽ ശിക്ഷണരഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിൽ അടങ്ങിയിട്ടുള്ള ഉത്തരവുകൾ ലംഘിച്ചതിനും, ചുമതലകൾക്ക് വീഴ്ചവരുത്തിയതിനും, മനഃപൂർവ്വമായ അനുസരണക്കേടിനു ജീവനക്കാരെ പ്രേരിപ്പിച്ചതിനും, ഡയറക്ടർ 4 പേരടെം കണ്ടിൻജന്റ് ജീവനക്കാരെയും 5 സ്ത്രീത്തൊഴിലാളികളെയും സസ്പെൻഡ് ചെയ്യുകണ്ടായി. അതിനുശേഷം, ഗൗരവാവഹമായ കുറ്റങ്ങൾക്ക് 7 പേരടെം ജീവനക്കാരെ സർവീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഇതിനെപ്പറ്റി യാതൊരു അപ്പീലും ഗവണ്മെന്റിന്റെ മുൻപിൽ വന്നിട്ടില്ല.

"ഗവണ്മെന്റ് ജീവനക്കാർ, സ്ഥിരം സർവീസിലിരുന്നാലും, കണ്ടിൻജന്റ് സർവീസിലിരുന്നാലും പാർട്ട്ടൈം ജീവനക്കാരായിരുന്നാലും, ഡിപ്പാർട്ടുമെന്റുകൾക്കോ, ഗവണ്മെന്റിനോ എതിരായി പ്രകടനങ്ങളിൽ ഏർപ്പെട്ടാൽ ഗൗരവാവഹമായ ശിക്ഷണരാഹിത്യത്തിന് കുറ്റക്കാരായി പരിഗണിക്കപ്പെടുന്നതാണെന്നു, പൂർണ്ണമായും വ്യക്തമാക്കുന്നതിനു ഗവണ്മെന്റ് ആഗ്രഹിക്കുന്നു. അവരോടു യാതൊരു ദാക്ഷിണ്യവും കാണിക്കുന്നതല്ല. അവരുടെ പേരിൽ കർശനമായ നടപടി എടുക്കുന്നതാണ്. ഈ പ്രകടനങ്ങളിൽ പങ്കെടുക്കുന്ന, കാഴ്ചബംഗ്ലാവും മൃഗശാലയും ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരെ, സർവീസിൽനിന്നു പിരിച്ചുവിടുന്നതാണ്. ഈ മുന്നറിയിപ്പ് അവർ ശ്രദ്ധിക്കുമെന്നു ഗവണ്മെന്റ് പ്രത്യാശിക്കുന്നു.

അവരുടെ മെമ്മോറാണ്ടത്തിൽ അടങ്ങിയിട്ടുള്ള അപേക്ഷകൾ, അവർ ഇപ്രകാരമുള്ള ശിക്ഷണരാഹിത്യനടപടികളിൽ ഏർപ്പെട്ടുന്നിടത്തോളം കാലം പരിഗണിക്കപ്പെടുന്നതല്ല."

ഈ സർക്കുലർ പ്രസിദ്ധപ്പെടുത്തിയതിനുശേഷമെങ്കിലും അവരുടെ നേതൃത്വം വഹിക്കുന്ന ഉത്തരവാദിത്വമുള്ള ഒരു എം. എൽ. എ. യായ ശ്രീ. ശ്രീധരനെങ്കിലും അവരുടെ രക്ഷയ്ക്കുവേണ്ടി, അവരുടെ ഉദ്യോഗം പോകാതിരിക്കുന്നതിനുവേണ്ടി ഈ പ്രകടനങ്ങൾ നിറുത്തണമെന്നു അവരെ ഉപദേശിക്കേണ്ടതായിരുന്നു. അതിനുപകരം സർക്കുലർ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, ഉടനെ ഉണ്ടായതു, മൃസിയം ജീവനക്കാർക്കു നേതൃത്വം നൽകുന്നവർ, രണ്ടുദിവസം അടുപ്പിച്ചു തിരുവനന്തപുരം പട്ടണത്തിൽ, കാറിലും ജീപ്പിലും മൈക്കുകൾ ഫിറ്റുചെയ്തു വളരെ വിദ്വേഷജനകമായ മുദ്രാവാക്യങ്ങളും വിളിച്ചുപറഞ്ഞുകൊണ്ടു നടക്കുകയായിരുന്നു. ഈ വിധത്തിലുള്ള അച്ചടക്കരഹിതമായ പ്രവർത്തനങ്ങളെ അംഗീകരിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറിന നിവ്വാഹമില്ല. തൊഴിലാളികളുടെ കാര്യമാണെന്ന പറഞ്ഞാലുംശരി ഈ തരത്തിലുള്ള പ്രകടനങ്ങൾ അംഗീകരിക്കാൻ ഗവണ്മെൻറ ഒരുക്കമല്ല. കീഴ്ജീവനക്കാരുടെ കാര്യത്തിലും, തൊഴിലാളികളുടെ കാര്യത്തിലും ഈ ഗവണ്മെൻറ വളരെ ഉദാരമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതു ചുരുങ്ങിയ ശമ്പളക്കാർക്ക് ന്യായമായ ആനുകൂല്യങ്ങൾ കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളക്കാര്യത്തിൽ ഒരു പരിഷ്കാരംവരുത്തുന്നതിന് ഒരു പേ കമ്മിഷനെ നിയമിച്ചു. തൊഴിൽത്തർക്കങ്ങൾക്ക ന്യായമായ പരിഹാരം ഉണ്ടാകത്തക്കവിധം ഒത്തുതീർപ്പുകൾ ഉണ്ടാക്കിയും അഡ്ജൂഡിക്കേഷൻ ഏർപ്പാടുചെയ്തും ഈ ഗവണ്മെൻറ് തൊഴിലാളികൾക്ക വളരെ ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ടൈറാനിയം കമ്പനിയിലെയും, തിരുവിതാംകൂർ പ്ലാന്റേഷനിലേയും കാര്യത്തിൽ തൊഴിലാളികൾക്ക കൂലിയും ബോണസും വളരെ തൃപ്തികരമായ വിധത്തിൽ നൽകുന്നതിന ഗവണ്മെൻറ ഒരു നിലപാട കൈക്കൊണ്ടിട്ടുണ്ട്. ചെറിയ ജീവനക്കാരും നല്ലനിലയിൽ, അവക്ക കഴിഞ്ഞുകൂടത്തക്ക നിലയിൽ ജീവിക്കുന്നതിനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കണമെന്ന കരുതി ഗവണ്മെൻറ് പ്രവത്തിക്കുന്നുണ്ട്. എന്നുവച്ചു ഗവണ്മെൻറ കീഴ് ജീവനക്കാർ സംഘടിച്ചു, കൊടിയുംപിടിച്ചു സെക്രട്ടറിയേറ്റ പടിക്കൽ പ്രകടനം നടത്തുന്നതിനെ അനുകൂലിക്കാൻ ഗവണ്മെൻറ ഒരുക്കമല്ല. സർ, ഇതിന്റെ അവസാനം എങ്ങനെയെന്നും, എന്താണെന്നും, ആലോചിക്കണം. ഗവണ്മെൻറിന്റെശമ്പളം പറ്റികഴിഞ്ഞുകൂടുന്ന ആളുകൾ, അവരുടെ എന്തെങ്കിലും ആവശ്യങ്ങൾ സാധിക്കുന്നതിന എന്നുപറഞ്ഞു സെക്രട്ടറിയേറ്റപടിക്കൽ പ്രകടനം നടത്തുക എന്ന ആഭാസമായ നടപടി ശരിയല്ലെന്ന ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ പ്രസ്ഥാനത്തെ പ്രസിദ്ധപ്പെടുത്തിയതിന ശേഷവും അവരെ തെറ്റിദ്ധരിപ്പിച്ചു, അവക്ക തെറ്റായ നേതൃത്വം നൽകി, അവരെ അപകടത്തിൽ ചാടിക്കുകയും, നിരാധാരരാക്കുകയും ചെയ്ത ബഹുമാനപ്പെട്ട മെംബർ അവരോടും ഈശ്വരനോടും ഉത്തരവാദം ചെയ്യേണ്ടതാണെന്ന ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. സർക്കാർ ജീവനക്കാരുടെ കാര്യം ഗവണ്മെൻറ് നോക്കിക്കൊള്ളും. അവക്ക അസോസിയേഷൻ ഉണ്ടാക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്, ഇനിയും കൊടുക്കുകയും ചെയ്യും. അങ്ങനെ അവക്ക അനുവാദം കൊടുക്കുന്നതു വെളിയിൽനിൽക്കുന്ന ആളുകൾക്ക അവരെ ചൂഷണം ചെയ്യാൻ അവസരം നൽകുകയാണെന്ന തെറ്റിദ്ധരിക്കരുത്. ഈ രാജ്യം ഭരിക്കുന്നതു ആരായിരുന്നാലും, ഇന്നു ഞാൻ ആയിരിക്കാം, നാളെ വേറെ ആരെങ്കിലുമാണെന്നുംവരാം, ആരായിരുന്നാലും ഈമാതിരി പ്രവത്തനങ്ങൾ കണ്ടുകൊണ്ടിരിക്കാൻ ഒരു ഗവണ്മെൻറിനും സാധിക്കുന്നതല്ല. വീണ്ടും വ്യക്തമായി ഞാൻ പറയുന്നതു, ഗവണ്മെൻറിന ഉൽക്കണ്ഠയുള്ള ഈവക കാര്യങ്ങൾക്കുവേണ്ടി, മറ്റുള്ളവർ ഈ സംഘടനാവ്യാപാര വ്യഭിചാരം അവസാനിപ്പിക്കണമെന്നാണ്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ഈ മൃസിയം ജീവനക്കാക്ക ടെയിഡ് യൂനിയൻ അടിസ്ഥാനത്തിൽ സംഘടിക്കാൻ ഗവണ്മെൻറ് അനുവാദം കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊടുത്തിട്ടുണ്ട്. ടെക്നിക്കൽ ഡ്യൂണിയൻ പ്രവർത്തനങ്ങളിൽ സെക്രട്ടറിയേറ്റപടിക്കൽ വന്നു പ്രകടനം നടത്തുമെന്നു പറഞ്ഞിട്ടില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : തൊഴിലാളികളുടെ ആവശ്യങ്ങൾ സാധിക്കുന്നതു നവേക്കി ടെക്നിക്കൽ യൂണിയൻ അനുസരിച്ചു അവർക്കു പ്രകടനം നടത്തുന്നതിനു ന്യായമായ അവകാശമില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ടെയിഡ്യൂണിയൻ ഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല. ഈ സഭയിലെ എല്ലാ മെംബർമാർക്കും അറിയാം, ഒരു യൂണിയൻ രജിസ്റ്റർചെയ്യുകഴിഞ്ഞാൽ ഉടനെ അംഗീകാരത്തിനും അനുവാദം ചോദിക്കണമെന്നു്. ഈ യൂണിയൻ രജിസ്റ്റർചെയ്തിട്ടുണ്ടെങ്കിലും അംഗീകാരത്തിനു അപേക്ഷിക്കുകയോ അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : രജിസ്റ്റർചെയ്തിട്ടുള്ള സ്ഥിതിക്കു അംഗീകാരമുള്ളതായി പരിഗണിച്ചുകൂടെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാദ്ധ്യമല്ല. അംഗീകാരത്തിനു പ്രത്യേകം ആവശ്യപ്പെട്ടിട്ടില്ല. അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥപ്രകാരം അപേക്ഷിക്കേണ്ടതാണു്. ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു, ഗവണ്മെൻറ് ജീവനക്കാരുടെ ടെയിഡ്യൂണിയനൊ, അസോസിയേഷനൊ രാഷ്ട്രീയപാർട്ടികൾപെട്ടവരുടെ നേതൃത്വത്തിൽ തുടരുന്നതിനെ മാറ്റണമെന്നാണു്. ഗവണ്മെൻറ് ജീവനക്കാർക്കു അസോസിയേഷൻ രജിസ്റ്റർചെയ്യാൻ ഗവണ്മെൻറ് അനുവദിക്കുന്നതാണു്. അംഗീകാരത്തിനു നിയമപ്രകാരം നടപടികൾ സ്വീകരിക്കാം. തൊഴിലാളികളുടെ കാര്യത്തിൽ താൽപര്യമില്ലാത്ത ആളുകൾ, അവരുടെ രക്ഷയ്ക്കുവേണ്ടി യാതൊന്നും പ്രവർത്തിക്കാത്തവർ, ആ അസോസിയേഷനിലെയൊ, യൂണിയൻറെയോ നേതൃസ്ഥാനത്തു വരുന്നതു തൊഴിലാളികളുടെ രക്ഷാവ്യവസ്ഥയ്ക്കു ബാധകമായിവരുന്നപാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ടെയിഡ്യൂണിയൻ ഉണ്ടാകുവാൻ അനുവദിച്ചാൽ, ടെയിഡ്യൂണിയൻ നിയമമല്ലേ അവക്കു ബാധകമാകുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം വേറെ ചില നിയമങ്ങൾകൂടി വിധേയരാണു്. ഉദാഹരണമായി പറയുകയാണെങ്കിൽ, ഇൻഡ്യാഗവണ്മെൻറിൻറെ തീരുമാനമനുസരിച്ചു ഡി. എൽ. ഒ. യിൽ സർക്കാർ ഉദ്യോഗസ്ഥന്മാർക്കു സംഘടിക്കാമെന്നുണ്ടു്. അതേ അവസരത്തിൽതന്നെ സർക്കാർ ഉദ്യോഗസ്ഥന്മാർ എന്തെങ്കിലുമായിൽ അവർ എല്ലാവിധത്തിലുള്ള ചുമതലകളും, എല്ലാവിധത്തിലുള്ള മര്യാദകളും, എല്ലാ നിയമങ്ങളും പാലിക്കാനുള്ള കടമകളും ഉണ്ടെന്നുള്ളകാര്യം പ്രത്യേകം നിഷ്കർഷിക്കുന്നുണ്ടു്. ഒരു അസോസിയേഷൻ ഉണ്ടാക്കി എന്നുവിചാരിച്ചു് എന്തുകാര്യം സാധിക്കുന്നതിനും സർക്കാർ ജീവനക്കാർ പ്രകടനപരമായ കൂപ്പുകുത്തൽ ഉണ്ടാക്കുന്നതു ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കണ്ടിജൻസിക്കാർക്കു സ്വീസു റഗുലേഷൻ ബാധകമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ അവരെ സംബന്ധിച്ചിടത്തോളം ചില നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതു സ്വീകരിക്കണം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സ്വീസു റഗുലേഷൻ ബാധകമാണോ എന്നാണു ചോദ്യം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോക്കാതെ പറയാൻ സാധ്യമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ബാധകമല്ലെങ്കിൽ പ്രസ്തുതനോട്ടീസ് ഒരു അഭിപ്രായം മാത്രമല്ലേ ആകുന്നുള്ളൂ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ധരിച്ചാൽ മതി.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതു ഗവണ്മെൻറിന്റെ അഭിപ്രായമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിന്റെ അഭിപ്രായമാണ്.

Announcements by the Speaker.

MR. SPEAKER : Order, Order. The Select Committee Reports on the Travancore-Cochin Bhoodana Yegna Bill and the Travancore-Cochin Court of Wards Bill together with the Bills as reported by the Committees have been distributed to the Members last evening. Since the second reading of these Bills is expected to come up before the House on Monday, the 5th March, Members desirous of giving notice of amendments to these Bills are requested to do so before 3 P. M. on Friday, the 2nd March 1956.

I have to make another announcement.

As hon. Members are aware the whole day is allotted for the discussion of His Highness the Rajpramukh's Address. The discussion will conclude at 1 P. M. today. In order that we may have a systematic and useful discussion, I am making a suggestion to the House. The time available is 3½ hours in all, of which nearly an hour will be taken by the mover and the seconder of the motion of thanks and for the reply by the Chief Minister. A list containing 20 amendments to the motion of thanks has been circulated.

LIBRARY ARCHIVES Kerala Legislative Assembly